(സി) ഈ നിയമനങ്ങൾ 'ബോർഡിന്റെ കാര്യക്ഷമത' വർദ്ധിപ്പിക്കാൻ സഹായകമാണോ?

ഉത്തരം

(എ) ഇലക്ട്രിക്കൽ സെക്ഷനുകൾ—41
ഇലക്ട്രിക്കൽ ഡിവിഷനുകൾ—2
ഇലക്ട്രിക്കൽ സർക്കിളുകൾ—2

(ബി) 713 പേർ

പുതുതായി 250 ഇലക്ട്രിസിറ്റി വർക്കേഴ്സിനെയും 41 പാർട്ട്-ടൈം കണ്ടിൻജന്റ് സ്വീപ്പേഴ്സിനെയും നിയമിക്കാൻ ഉത്തരവായിട്ടുണ്ട്. ഇതിനായി പ്രതിവർഷം 1,94,76,000 രൂപ ചെലവുവരും. മറ്റു തസ്തികകൾ പുനർവിന്യാസത്തിലൂടെ നികത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാനും വരുമാനം വർദ്ധിപ്പിക്കുവാനും സഹായകരമാണ്.

പുതുതായി നൽകിയ വൈദ്യുതി കണക്ഷനുകൾ

42 [353] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്; ഇതിൽ ബി. പി. എൽ., പട്ടികജാതി എന്നീ വിഭാഗക്കാർ എത്ര എന്ന് വെളിപ്പെടുത്താമോ;

(ബി) എത്ര അപേക്ഷകൾ ഇപ്പോൾ കെട്ടിക്കിടപ്പുണ്ട്?

ഉത്തരം

(എ) 450787

ബി.പി.എൽ.	1,11,613
പട്ടികജാതി	12,551

(ബി) 332349.

വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള ഗാർഹിക ഉപഭോക്താക്കൾ

43 [354] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എത്ര ഗാർഹിക ഉപഭോക്താക്കൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly